# PRATHYASA

Bimonthly bulletin of Reserve Bank Retired Employees Association, Kochi
(Reg. No. ER-18/09) (E.mail: salamkm@sify.com)

C/o N.R.Pillai
'Aiswarya'
Kandekath Lane
Off Perumbotta Road
Kochi - 682 026

**Issue - 31**

Annual Subscription Rs. 100/- **November 2010**

**അപ്ഡേഷൻ, ഫാമിലി പെൻഷൻ, എക്സ് ഗ്രേഷ്യാ** എന്നീ ആവശ്യങ്ങളെപ്പറ്റി ഒക്ടോബർ 8 ന് നേതാക്കൾ ഡി.ജി. ഡോ. സുബീർ ഗോകർണുമായി ചർച്ച നടത്തി. അപ്ഡേഷന്റെ കാര്യത്തിൽ അനുഭാവമുണ്ടെങ്കിലും സർക്കാർ നിലപാടാണ് തടസ്സം. ഇടക്കാലാശ്വാസം ചോദിച്ചപ്പോൾ അത് കൂടുതൽ പ്രശ്നങ്ങളുണ്ടാക്കുമെന്ന് പറഞ്ഞു. പെൻഷൻ റെഗുലേഷൻസിൽ ഭേദഗതിക്ക് ശ്രമിക്കാം. ഫാമിലി പെൻഷൻ വർദ്ധനയ്ക്ക് സർക്കാർ അംഗീകാരത്തിന് വീണ്ടും ശ്രമിക്കാം. എക്സ് ഗ്രേഷ്യക്കാർ വളരെ കുറച്ചുപേർ മാത്രമേ ഉള്ളുവെന്നും അവരുടെ കാര്യം ദയാപൂർവ്വം പരിഗണിക്കണമെന്നും എല്ലാ വിഭാഗക്കാർക്കും ഇടക്കാലാശ്വാസത്തിന് മെഡിക്കൽ അലവൻസ് വർദ്ധനയെങ്കിലും നൽകണമെന്നും ആവശ്യപ്പെട്ടു. ഡി.ജി.ആയി വിരമിച്ച ശ്രീ.ജാനകീരാമന്റെ വിധവയ്ക്ക് പോലും തുച്ഛമായ ഫാമിലി പെൻഷനാണ് കിട്ടുന്നതെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. നവംബർ 1 ന് വീണ്ടും C.G.M.വുമായി നടത്തിയ ചർച്ചയിൽ 5 വർഷം കൂടുമ്പോൾ അപ്ഡേഷൻ എന്ന നടപടി സർക്കാരിന് സ്വീകാര്യമല്ലെന്നും ഒരുപക്ഷേ 10 വർഷത്തിലൊരിക്കൽ അപ്പ്ഡേറ്റ് ചെയ്യാൻ അവർ സമ്മതിച്ചേക്കുമെന്നും കേന്ദ്രസർക്കാർ ജീവനക്കാർക്ക് അങ്ങനെയാണ് ചെയ്യുന്നതെന്നും ഇതേപ്പറ്റി സർക്കാരുമയി സംസാരിച്ചശേഷം ഔദ്യോഗീകമായി കത്തെഴുതാമെന്നും C.G.M. പറഞ്ഞു. കൂടുതൽ വിവരങ്ങൾ പത്രവാർത്ത പേജിൽ ചെന്നൈയിലും ചാണ്ഡിഗറിലും ബോർഡ് മീറ്റിംങ് സമയത്ത് ഗവർണ്ണറെക്കണ്ട ലോക്കൽ യൂണിറ്റ് ഭാരവാഹികളോട് അദ്ദേഹം വളരെ സൗഹൃദത്തോടെ സംസാരിക്കുകയും ആവശ്യങ്ങൾ ന്യായമെന്ന് സമ്മതിക്കുകയും ചെയ്തെങ്കിലും നാളിതുവരെ ഒരാവശ്യവും പരിഗണിക്കപ്പെട്ടിട്ടില്ല. സർവ്വീസ് സംഘടനകളുടെ ഏകോപന സമിതിയായ UNITED FORUM OF R.B. Officers and Employees അപ്പ്ഡേഷൻ, ഫാമിലി പെൻഷൻ വർദ്ധന എന്നിവ ആവശ്യപ്പെട്ട് ഒക്ടോബർ 23 ന് ഗവർണ്ണർക്ക് കത്തയക്കുകയും കൂടിക്കാഴ്ച ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**Table showing the pension of Class I retirees at the maximum stage in the respective scales**
**(Position as on 1.11.2010)**

| | Date of retirement | | |
|---|---|---|---|
| Grade | Pre 1.11.2002 updated Basic pension plus DR | 1.11.2002 to 31.10.2007 basic pension plus D.R. | Post 1.11.2007 Basic pension (Grade allowance included) plus DR |
| A | 17463 | 19533 | 24429 |
| B | 18635 | 21182 | 27210 |
| C | 19807 | 23114 | 32314 |
| D | 21155 | 25068 | 37242 |
| E | 24261 | 28300 | 42944 |
| F | 26370 | 30905 | 54208 |

**DA വർദ്ധന:**

ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ സൂചിക പ്രകാരം നവംബർ മുതൽ സർവ്വീസ് ജീവനക്കാരുടെ D.A.യിൽ 5.4% വർദ്ധന ഉണ്ടായിട്ടുണ്ട്. (മൊത്തം 46.2%) പെൻഷൻകാർക്ക് ഫെബ്രുവരിയിലെ D.R.ൽ മാറ്റമുണ്ടാവുകയുള്ളൂ.

**D.A. / D.R.: 100% സമീകരണത്തിൽ 1.2.2005 വരെ നിലനിന്നിരുന്ന വൈരുദ്ധ്യം ഉദാഹരണം.**

**Pay / Pension effective from 1.11.87**

| സമീകരണം | Basic Pension | Basic Pay |
|---|---|---|
| 100% | up to 1250 | upto 2500 |
| 83.3% | 1251 to 2000 | 2501 to 4000 |
| 50% | 2001 to 2130 | 4001 to 4260 |
| 25% | above 2130 | above 4260 |

1.11.92 ലും 1.11.97 ലും നടത്തിയ ശമ്പള പരിഷ്കരണത്തിലും പെൻഷൻകാർക്ക് എല്ലാ സ്ലാബുകളിലും നേർപകുതിക്കുമാത്രം സമീകരണമെന്ന അവസ്ഥ നിലനിന്നിരുന്നു.

**Pay / Pension effective from 1.11.2002**

| സമീകരണം | Basic Pension | Basic Pay |
|---|---|---|
| 100% | upto 4825 | up to 9650 |
| 83.3% | 4826 to 7675 | 9651 to 15350 |
| 50% | 7676 to 8175 | 1531 to 16350 |
| 25% | above 8175 | above 16350 |

31.1.2005 വരെ ഈ വൈരുദ്ധ്യം നിലനിന്നു. 1.2.2005 മുതൽ സർവ്വീസിലുള്ളവർക്കും പെൻഷൻകാർക്കും 100% സമീകരണം തുല്യമാക്കുകയുണ്ടായി. പെൻഷനോ പകുതി വിലവർദ്ധനയ്ക്കു നഷ്ടപരിഹാരമായി നൽകുന്ന DR സമീകരണം എന്തുകൊണ്ട് നേർപകുതി, വിലവർദ്ധന എല്ലാവർക്കും ഒരുപോലെ ബാധകമല്ലേ എന്നതാണ് ചോദ്യം. ഈ വൈരുദ്ധ്യമാണ് ഭരണഘടന വിരുദ്ധമെന്ന് LICകേസിൽ രാജസ്ഥാൻ ഹൈക്കോടതി വിധിച്ചത്. കേരള ഹൈക്കോടതിയുടെ ഒരുവിധിയും ഇക്കാര്യത്തിലുണ്ട്. വിചാരണസമയത്ത് LICക്ക് ഈ വിഷയത്തിൽ സ്വയം തീരുമാനമെടുക്കാമെന്ന് കേന്ദ്രസർക്കാർ കോടതിയിൽ ബോധിപ്പിച്ചെങ്കിലും പിൻവാതിലിൽകൂടി LICയെ കൊണ്ട് അപ്പീൽ ഫയൽ ചെയ്യിച്ചതായി RTI Act പ്രകാരം ശ്രീ. P.R.R.നായർക്ക് ലഭിച്ച രേഖകളിൽ നിന്നും മനസ്സിലാകുന്നു. അപ്പീലിൻമേൽ വിധിയുണ്ടാവാൻ വർഷങ്ങളെടുക്കുമെന്ന് പറയേണ്ടതില്ലല്ലോ. ഈ വിഷയത്തിൽ RBI അധികൃതരുമായി ഒക്ടോബർ 8 നും നവംബർ 1നും മുംബൈ നേതാക്കൾ ചർച്ച നടത്തിയെങ്കിലും വിഷയം പഠിക്കാമെന്നല്ലാതെ മറ്റുറപ്പൊന്നും കിട്ടിയിട്ടില്ല. ഹിത്-ഗുജ് റിപ്പോർട്ട് പത്രവാർത്ത പേജിൽ.

**മെമ്പർഷിപ്പ് ഡയറക്ടറി:** 122 അംഗങ്ങൾക്ക് ബയോഡാറ്റ ഫോറം അയച്ചതിൽ ഇതുവരെ 37 പേർ മാത്രമാണ് ഫോറം പൂരിപ്പിച്ച് മടക്കി അയച്ചത്. ബാക്കി അംഗങ്ങൾ ഉടൻതന്നെ ഫോറം മടക്കി അയക്കേണ്ടതാണ്. ഡിസംബർ 31നകം ബയോഡാറ്റ ലഭിക്കാത്തപക്ഷം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡയറക്ടറി തയ്യാറാക്കുന്നതാണെന്ന് സെക്രട്ടറി അറിയിക്കുന്നു.

**എമർജൻസി മെഡിക്കൽഫണ്ട്:** കരട് നിയമാവലി 122 അംഗങ്ങൾക്കും അയച്ചെങ്കിലും ചുരുക്കം ചിലരെ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ളൂ എന്നതിനാൽ തുടർ നടപടികൾ നിർത്തിവച്ചിരിക്കുകയാണ്.

**പ്രത്യാശവരിക്കാർ** : പഴയ വായനക്കാരെ കൂടാതെ 8 പേർകൂടി 'പ്രത്യാശ' ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങിനെ ഈ ലക്കം മൊത്തം 70 പേർക്ക് തപാലാക്കുന്നു.

**ഖജാൻജിയുടെ രാജി:** ബാംഗ്ലൂരിൽ താമസമാക്കിയതിനെ തുടർന്ന് ശ്രീ. V.R.വാദ്ധ്യാർ ഖജാൻജിസ്ഥാനം രാജിവച്ചു. പുതിയ ഖജാൻജിയെ അടുത്ത കമ്മിറ്റിയോഗത്തിൽ കോ-ഓപ്റ്റ് ചെയ്യുന്നതുവരെ അംഗത്വ ഫീസ് മുതലായവ പ്രസിഡന്റിന്റെ വിലാസത്തിൽ അയക്കേണ്ടതാണ്. അംഗത്വ ഫീസായ 200 ക. ഇതുവരെ നൽകാത്തവർ എത്രയുംവേഗം തുക അയക്കണമെന്ന് താൽപര്യപ്പെടുന്നു.

**ചെന്നൈയിൽ റിട്ടയറീസ് സംഘടനകൾ ഒത്തുചേരുന്നു:** ചെന്നൈയിൽ 1985 ൽ തുടങ്ങിയ സംഘടന ഈയിടെ രജതജൂബിലി ആഘോഷിക്കുകയും എല്ലാ അംഗങ്ങൾക്കും ഓരോ വെള്ളിക്കപ്പ് സമ്മാനിക്കുകയും ചെയ്തു. ഈ സംഘടനയും ശേഷിക്കുന്ന മറ്റൊരു സംഘടനയും ലയിച്ച് ശക്തിപ്രാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പലയിടത്തും പല സംഘടനകൾ നിലവിലുള്ളതിനാലാണ് ബാങ്ക് AIRBREA യേ അംഗീകരിക്കാത്തതെന്ന ആരോപണത്തിന്റെ വെളിച്ചത്തിൽ ഈ ലയനം സ്വാഗതാർഹംതന്നെ.

**ശ്രീ.E.മാധവൻ, G.M.വിരമിച്ചു**: കൊച്ചി G.M.ശ്രീ E.മാധവൻ നവംബർ 30 ന് വിരമിച്ചു. DGM ശ്രീ. സീതാരാമനായിരിക്കും തൽക്കാലം G.M ന്റെ ചുമതലകൾ നിർവ്വഹിക്കുക.

**M.A.F:** എല്ലാ T.P.A. പ്രതിനിധികൾ HRDD ഉയർന്ന ഉദ്യോഗസ്ഥർ AIRBREA / മുംബൈ യൂണിറ്റ് ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി 15.11.2010 ന് മുംബൈയിൽ ഒരുയോഗം നടന്നു. M.A.F നെപ്പറ്റിയുള്ള എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്യപ്പെട്ടു. വിശദമായ റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ അടുത്ത ലക്കംവരെ കാത്തിരിക്കുക.

കൊച്ചിയിൽ M.A.F. അംഗങ്ങളെയും MD India ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി നവംബർ 23 ന് RBI കോൺഫറൻസ് ഹാളിൽ ഒരു വിശദീകരണയോഗം നടന്നു. B.M.O. Dr. നിവേദും സന്നിഹിതനായിരുന്നു. ധാരാളം അംഗങ്ങൾ പങ്കെടുത്ത ഈ യോഗത്തിൽ M.A.F നെപ്പറ്റിയുള്ള സമഗ്രമായ ചർച്ച നടന്നു. BMO യുടെ സേവനം തൃപ്തികരമെന്നും MD India യുടെ ഇതുവരെയുള്ള സേവനത്തിൽ വീഴചയില്ലെന്നുമായിരുന്നു പൊതുവെ അഭിപ്രായം. Net Work ലിസ്റ്റിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തണമെന്നും O.P. ചികിത്സ ലിസ്റ്റിയിലായതുകൊണ്ട് Cashless ചികിത്സ അവിടെ ലഭ്യമാക്കണമെന്ന ശക്തമായ ആവശ്യമുയർന്നു. ഇക്കാര്യത്തിൽ RBI. GM മുൻകയ്യെടുക്കണമെന്നായിരുന്നു പലരുടെയും ആവശ്യം. M.A.F. പദ്ധതിയെപ്പറ്റി എല്ലാവിവരങ്ങളും ഉൾപ്പെടുത്തി സമഗ്രമായ ഒരു സർക്കുലർ അംഗങ്ങൾക്ക് അയക്കണമെന്ന ആവശ്യം പരിഗണിക്കുമെന്ന് AGM ശ്രീ. ശ്രീനിവാസൻ ഉറപ്പുനൽകി. തൽക്കാലം ഹെൽപ്പ് ഡസ്ക് ആഫീസറായ അസി.മാനേജർ ശ്രീമതി K.N.Mohanakumari യെ അംഗങ്ങളുടെ സഹായത്തിന് സമീപിക്കാവുന്നതാണ്. Phone: 0484 - 2402911 Extn 303, Mobile 94465 36764. Cashless ചികിത്സ ലഭ്യമാക്കാൻ അംഗങ്ങൾ MD India യുടെ ID കാർഡും RBI യുടെ ഫോട്ടോ പതിച്ച ID കാർഡും കാണിക്കണം. റിയിംബേഴ്സ്മെന്റ് ചികിത്സയ്ക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചശേഷം എത്രയുംവേഗം MD India യെ ഫോണിൽകൂടി പ്രവേശനവിവരം അറിയിക്കുകയും വേണം. ഇതിന്റെ ആവശ്യമെന്തെന്നും RBI സർകുലർ പ്രകാരം ദീർഘമായ കിടത്തിചികിത്സയ്ക്ക് മാത്രമേ ഈ അറിയിപ്പ് ആവശ്യമുള്ളൂ എന്നാണല്ലോ എന്നചോദ്യത്തിന് Cross Check ചെയ്യുവാനാണ് ഇങ്ങിനെ ആവശ്യപ്പെടുന്നതെന്നായിരുന്നു MD India യുടെ മറുപടി. ഈ ആവശ്യം ഒരു തർക്കവിഷയമായി തുടരുന്നു. 11 മണിക്കാരംഭിച്ച യോഗം ചായയും ലഘുഭക്ഷണത്തിനും ശേഷം 1 മണിക്കവസാനിച്ചു.

**SBI പെൻഷൻകാർ കേസ് ജയിച്ചു**: SBI യിൽ മൂന്നാം ആനുകൂല്യമായി നൽകുന്ന പെൻഷന്റെ പരിധി 8 ാം ഉഭയകക്ഷി കരാർവഴി 1.11.2002 നുശേഷം വിരമിച്ചവർക്കുമാത്രം ഉയർത്തിയതിനെതിരെ കേരള ഹൈക്കോടതിയിൽ ശ്രീ. T.R. വിജയനും മറ്റു 19 പേരും ചേർന്ന് 2003 ൽ ഫയൽചെയ്ത കേസിൽ 7 വർഷത്തിനുശേഷം ജസ്റ്റീസ് S. സിരി ജഗൻ Pre 1.11.2002 പെൻഷൻകാർക്ക് അനുകൂലമായ വിധി പുറപ്പെടുവിച്ചിരിക്കുന്നു. നവംബർ 25, 26 തീയതികളിൽ SBI ജീവനക്കാർ നടത്താനിരുന്ന സമരം സർക്കാർ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പിൻവലിക്കുകയുണ്ടായി. മൂന്നാം ആനുകൂല്യമായി നൽകുന്ന പെൻഷൻ ബേസിക് പേയുടെ 21040 വരെ 50% അതിനുമേൽ 40% എന്നതു 31500 വരെ 50% അതിനുമേൽ 40% എന്ന് ഉയർത്താനാണ് ധാരണയായത്. 1.11.2007 മുതൽ വിരമിച്ചവർക്ക് മാത്രം ഈ വർദ്ധന ബാധകമാക്കിയത് മറ്റൊരു കേസിലേക്ക് വഴിതെളിക്കുമെന്ന് തീർച്ച. കൂടാതെ ഗ്രാറ്റുവിറ്റി പരിധി കേന്ദ്രം 1.1.2006 മുതൽ 3.5 ലക്ഷമെന്നത് 10 ലക്ഷമാക്കിയെങ്കിലും സർക്കാരിതര ജീവനക്കാർക്ക് ഈ വർധന 24.5.2010 മുതൽ മാത്രം നൽകിയതിനെതിരെ SBI യിൽനിന്നും വിരമിച്ച 3 വ്യക്തികൾ കേരള ഹൈക്കോടതിയിൽ കേസ് ഫയൽചെയ്തിട്ടുണ്ട്.

**അപ്പ്ഡേഷൻ പ്രശ്നം സുപ്രീം കോടതിയിലും**: 2005 ബാങ്ക് ഓഫ് ഇന്ത്യ VRS പെൻഷനർ അഡ്വ. ശ്രീ. N. പ്രദീപ് കുമാർ സുപ്രിം കോടതിയിൽ ഫയൽചെയ്ത കേസിൽ വ്യക്തിപരമായ ആവശ്യങ്ങൾക്ക് പുറമേ അപ്പ്ഡേഷൻ എന്ന ആവശ്യവും ഉൾപ്പെട്ടിട്ടുണ്ടെന്നും കേസ് അടുത്തുതന്നെ വിചാരണക്കെടുക്കുമെന്നും അറിയുന്നു. പരമോന്നത കോടതിയിലാണ് ഈ കേസ് പരിഗണിക്കുന്നതെന്നതിനാൽ ഈ കേസിലെ വിധി സുപ്രധാനമാവാനിടയുണ്ട്.

Editor: K.G.K.Pillai, Ph: 0484 - 2204230, 9447055230
Associate Editors Ex-Officio : N.R.Pillai, Ph: 0484-3912943, 9447019919
K.M.Abdul Salam, 0484 - 2539596, 9447161746

RETIREES'
HITGUJ
Vol. 7 Issue 1 15 November 2010

## Meeting with the CGM, HRDD

As a sequel to the discussions Association representatives had with Dr Subir Gokarn, Dy. Governor on 8 Oct. 2010, office bearers of the Association called on Shri Deepak Singhal, CGM,HRDD, in his chamber on 1 Nov.2010 to further discuss among others, issue relating to anomaly in payment of D.R. vis-à-vis D.A. for the period from Nov.1990 to Feb.2005. Gist of the discussions on various issues is as under:

**1. Anomaly between D.R. and D.A.**

Explaining the nature of anomaly between D.R. and D.A. it was pointed out that the issue was first taken up with the Bank in 2003 and followed up subsequently from time to time. Inviting a reference to the Bank's circular dtd.13-03-1992 in which Bank had stated that the methodology for the grant of D.R. and D.A. would be identical as per the recommendations of the IV Central Pay Commission; Judgments delivered by the Rajasthan and Kerala High Courts also were brought to the Bank's notice while discussing the issue. After somewhat detailed discussion on the subject, Bank agreed to study the issue in more detail.

**2. Revison in Pension and Family Pension**

Reacting on this subject CGM said that the Govt. is not in favour of revising these pensions every five years. At best they may agree to revise the same once in ten years as in the case of Central Govt. employees. He further added that the Bank will first informally discuss the issue with the Govt. and after receiving their nod will send a formal proposal relating to revision of pension, family pension and amendment to Regulation 2(2) of RBI Pension Regulations to include the last pay drawn for their approval. He further added that it will not be possible for the Bank to indicate the definite time frame as to when the issue will be resolved.

**3. Grant of Medical Allowance to MAF Members**

Association requested the Bank to grant those members of MAF scheme who have opted for 'Dispensary Facility' at the time of retirement and are unable to avail the same since they settled at their native places due to family compulsions. It was brought to the notice of the Bank that such allowance is being granted to Central Govt. employees under Central Govt. Health Scheme.

**4. Welfare Fund for Retirees**

The CGM was informed that IBA had forwarded a proposal to the Public Sector Banks that they should constitute a Welfare Fund for their retirees by keeping aside an amount equivalent to 2% of their net profit. It was submitted that RBI too should take initiative to constitute such a fund in the Bank. Bank agreed to examine the suggestion.

**5. Complaints about TPAs**

It was brought to the notice of the Bank that Association has been receiving many complaints about services rendered by both the TPAs. CGM agreed to convene a joint meeting of the representatives of both the TPAs, Association and the Bank shortly.

Association representatives thanked the CGM for giving his valuable time to discuss the issues of Retirees.

On behalf of Association S/Shri M.B.Talekar, Gen. Secretary, S.S. Didolkar, Adviser, A.P.Kale and S.Y.Chalke ,Vice Presidents, Sambhaji More, Secretary and M.N.Patil, Treasurer, participated in the discussion. Besides CGM, Shri V.P. Arya, GM participated from the Bank's side.

Meeting lasted for 45 minutes.

## 'ONE RANK, ONE PENSION' DIFFICULT IN ONE GO : A.K. ANTONY

New Delhi : The government on Wednesday said it was difficult to implement in one go ex-servicemen's demand for 'one rank, one pension'.

Appealing to agitating ex-servicemen not to return their gallantry awards, Defence Minister A.K. Antony said the government had started implementing the recommendations of a high-level committee on one rank, one pension. "We will not be able to implement it in one stretch, but we are near that goal"

The government had implemented recommendations including pension benefits to personnel below rank of officer, costing the exchequer about Rs. 2,200 crore.

The Minister was responding to the issue raised by Leader of the Opposition Arun Jaitley, who said several ex-servicemen wanting to surrender gallantry medals was a "sad spectacle". While urging the government to look into their demands "seriously", he also appealed to ex-servicemen to desist from the extreme step. Ex-servicemen are agitating to press for an equal pension for personnel retiring in the same rank irrespective of their date of superannuation.

- Courtesy : The Hindu, Dt : 26-8-2010

: പെൻഷനേഴ്സ് ലിങ്ക്, ഒക്ടോബർ 2010

## ദേശീയ സമ്പാദ്യപദ്ധതി പലിശനിരക്ക് ഇനിയും കുറയ്ക്കും

ദേശീയ സമ്പാദ്യപദ്ധതിയുടെ പലിശനിരക്കുകൾ ഇനിയും കുറയ്ക്കാൻ ഗവണ്മെന്റ് ആലോചിക്കുന്നു. ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപത്തിൽനിന്ന് സംസ്ഥാനങ്ങൾക്കു നൽകുന്ന വായ്പക്ക് ഈടാക്കുന്ന പലിശ കുറയ്ക്കുന്നതിനുവേണ്ടിയാണ് പലിശനിരക്ക് കുറയ്ക്കുന്നതെന്നാണ് വാദം. ഇതിനായി റിസർവ് ബാങ്ക് ഡെപ്യൂട്ടി ഗവർണർ ശ്യാമള ഗോപിനാഥിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചുകഴിഞ്ഞു.

PENSIONERS LINK SEP 2010

*RBI Newsletter* October 15, 2010

**Staff Amenities**

### New Holiday Homes for Employees

The Reserve Bank has set up holiday homes for its officers at Kodaikanal and Madh Island, by entering into a tie-up with Hotels, 'The Carlton' and 'The Retreat', respectively. This is with effect from October 1, 2010. The address and other details of the holiday homes are:

HRDD, CO in its circular dated September 30, 2010, has also conveyed that allotment in these two holiday homes would be made to an employee not more than once in a twelve month period and for a maximum stay of two nights at a time keeping in view that the number of room nights is limited. The circular also stated that in the event of inability to visit the destination, cancellations may be done 20 days in advance in case of Hotel Carlton, Kodaikanal and 10 days in case of Hotel Retreat, Madh, Mumbai to facilitate the controlling office to allot the room to the next person in the waiting list.

PENSIONERS LINK SEP 2010

## ലാൻഡ് ഫോൺ നമ്പറും പത്തക്കത്തിലേക്ക്

2012 ജനുവരി മുതൽ വീടുകളിലെ ഫിക്സഡ് ലൈൻ ലാൻഡ് ഫോൺ നമ്പറിനും മൊബൈലിനെപ്പോലെ പത്തക്ക നമ്പറാവും. ട്രായ് നിർദ്ദേശമനുസരിച്ചാണ് ഈ മാറ്റം.